# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2445

09.12.2014-ൽ മറുപടിക്ക്

## കുട്ടനാട്ടിലെ ഗൃഹശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകളാണ് ലഭ്യമായതെന്ന് ഗുണഭോക്താക്കളുടെ പേരുസഹിതം വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്ന് കാരുണ്യവാന്മാരായ വ്യക്തികളിൽ നിന്ന് 9 ഉം, സർക്കാർ ഇതര സംഘടനകളിൽ നിന്നും 9 ഉം അടക്കം ആകെ 18 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഗൃഹശ്രീ പദ്ധതിക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ; | (ബി) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാനം വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനെയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. |

| | | | |
|---|---|---|---|
| (സി) | ശ്രീ. മണിക്കുട്ടൻ എം.ബി, മന്നത്തു വീട്, കുന്നുമ്മ ഈസ്റ്റ് കാവാലം പി.ഒ കുട്ടനാട് എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രീ. മണിക്കുട്ടൻ എം.ബി, മന്നത്തു വീട്, കുന്നുമ്മ ഈസ്റ്റ് കാവാലം പി.ഒ കുട്ടനാട് എന്ന വ്യക്തിക്കുവേണ്ടി ശ്രീ. കെ. കെ. അരവിന്ദാക്ഷൻ സ്പോൺസറായി നൽകിയ അപേക്ഷ 24.11.2014-ലാണ് ബോർഡിന് ലഭിച്ചിട്ടുള്ളത്. ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക ബോർഡിന് ലഭ്യമാക്കുന്ന മുറയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകൾ പരിഗണനയ്ക്ക് വിധേയമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കാരുണ്യവാന്മാരായ വ്യക്തികളുടെ അപേക്ഷ

| | |
|---|---|
| 1 | ശ്രീ. പ്രദീപ് . എം. കെ, മങ്കൊമ്പ്. |
| 2 | ശ്രീ. ജോസഫ് ആന്റണി, നെടുമുടി |
| 3 | ശ്രീ. ജോയി. ജെ, കൈനകരി |
| 4 | ശ്രീ. ജോമോൻ വർഗ്ഗീസ്, കൈനകരി |
| 5 | ശ്രീ. സാജൻ അബ്രഹാം, രാമങ്കരി |
| 6 | ശ്രീമതി. രജനി.ടി.സി, കാവാലം നോർത്ത് |
| 7 | ശ്രീ. ബാലകൃഷ്ണൻ. ജി, കാവാലം തെക്ക് |
| 8 | ശ്രീ. പി. ആർ. മനോജ്, കൈനകരി |
| 9 | ശ്രീ. കെ. കെ. അരവിന്ദാക്ഷൻ, കാവാലം |

## സർക്കാർ ഇതര സംഘടനകളുടെ അപേക്ഷ

| | |
|---|---|
| 1 | സൊസൈറ്റി ഓഫ് വിൻസന്റ് ഡി പോൾ, കൈനകരി |
| 2 | ശ്രീ. ജി. രവീന്ദ്രൻ, സെക്രട്ടറി, SNDP യോഗം നമ്പർ 442, രാമങ്കരി |
| 3 | ഒരുമ യുവജന സ്വാശ്രയസംഘം, രാമങ്കരി |
| 4 | ഫാദർ തോമസ് പോരുക്കറ, സെൻട്രൽ സ്കൂൾ, ചമ്പക്കുളം |
| 5 | SNDP യോഗം നമ്പർ 3909, രാമങ്കരി |
| 6 | സെന്റ് ജോസഫ് യു. പി. സ്കൂൾ, കായൽപ്പുറം. |
| 7 | ശ്രീ. എം.ഡി. പുരുഷോത്തമൻ, കുട്ടനാട് യൂണിയൻ, മങ്കൊമ്പ്. |
| 8 | ജനശ്രീ സുസ്ഥിര വികസന മിഷൻ, കുട്ടനാട് ബ്ലോക്ക്, രാമങ്കരി. |
| 9 | ശ്രീ. പ്രമോദ് ചന്ദ്രൻ, വെളിയനാട് ബ്ലോക്ക് മെമ്പർ, രാമങ്കരി |